# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 242 — 03/02/2020-ൽ മറുപടിക്ക്

## സാന്ത്വന പരിചരണ പരിപാടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കാരാട്ട് റസാഖ്** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | രോഗബാധിതർക്ക് ആശ്വാസവും പരിചരണവും നൽകുന്നതിനായി ഈ സർക്കാർ 'അരികെ' എന്ന പേരിൽ സാന്ത്വന പരിചരണ പരിപാടി ആരംഭിച്ചിട്ടുണ്ടോ; | എ) | രോഗ ബാധിതർക്ക് ആശ്വാസവും പരിചരണവും നൽകുന്നതിനായി സാന്ത്വന പരിചരണ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഈ പരിപാടിയുടെ വിപുലീകരണത്തിന്റെ ഭാഗമായി സമഗ്ര സാന്ത്വന വയോജന പരിചരണ പദ്ധതി – 'അരികെ' യുടെ സംസ്ഥാനതല പ്രഖ്യാപനം 2020 ഫെബ്രുവരിയിൽ നടക്കുന്നതാണ്. |
| ബി) | പാലിയേറ്റീവ് കെയർ രംഗത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ സന്നദ്ധ സംഘടനകളെ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; | ബി) | സന്നദ്ധ സംഘടനകളും കമ്മ്യൂണിറ്റിബേസ്ഡ് ഓർഗനൈസേഷൻസും നടത്തുന്ന പാലിയേറ്റീവ് വയോജന പരിചരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി അവിടത്തെ ഡോക്ടർമാർ, സ്റ്റാഫ് നേഴ്സ് എന്നിവർക്കുള്ള പരിശീലനം, ജില്ലാതലത്തിലുള്ള ഏകോപനം, കൂടുതൽ സംഘടനകളെ ഈ മേഖലയിലേക്ക് കൊണ്ടുവരിക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. |
| സി) | വീട്ടിലെത്തി സാന്ത്വന ചികിത്സ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും പ്രവർത്തകർക്കും സംസ്ഥാനതലത്തിൽ രജിസ്ട്രേഷനും പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | വീട്ടിലെത്തി സാന്ത്വന പരിചരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിലുള്ള രജിസ്ട്രേഷനും പരിശീലനവും നൽകാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെടുന്നുണ്ട്. |
| ഡി) | എല്ലാ മെഡിക്കൽ കോളേജുകളിലും കമ്മ്യൂണിറ്റി മെഡിസിന്റെ ഭാഗമായി വിദഗ്ധ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) | കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കമ്മ്യൂണിറ്റി മെഡിസിന്റെ ഭാഗമായി വിദഗ്ധ പാലിയേറ്റീവ് പരിചരണ കേന്ദ്രങ്ങളും പരിശീലന സംവിധാനങ്ങളും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | അലോപ്പതി വിഭാഗത്തിനൊപ്പം ആയുഷ് വിഭാഗത്തിലേയ്ക്കും സാന്ത്വന പരിചരണം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ഇ) | ജില്ലകളിലെ പ്രധാന ആയുർവേദ ഹോമിയോ ആശുപത്രികൾ വഴി പ്രത്യേക ഓ.പി. കൾ നടത്തുകയും ഡോക്ടർമാർക്കും നേഴ്സ്മാർക്കും പാലിയേറ്റിവ് പരിചരണത്തിൽ പരിശീലനം നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ